II ഇ.ബി. XIII- കേരള നിയമസഭ/II-2

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 സെപ്റ്റംബർ 27, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**3 (*31) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാലിന്യമുക്തമാക്കുന്നതിന് നടപടി**

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, മാലിന്യമുക്ത കേരളം ലക്ഷ്യമിട്ട് ഈ വർഷം ഒക്ടോബർ 2 മുതൽ അടുത്ത വർഷം ഒക്ടോബർ 2 വരെ വിപുലമായ പദ്ധതികൾക്ക് രൂപം നൽകുവാൻ 26-09-2011-ന് ചേർന്ന പ്രത്യേക മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ടെന്നും ഇതിലേയ്ക്കായി 64.25 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തദ്ദേസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യനിർമ്മാർജ്ജനം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തുക ളിലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം മുനിസിപ്പാലിറ്റിക

ളിലും നിക്ഷിപ്തമാണ്. കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ 2000-മാണ്ടിലെ നഗര ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള സാങ്കേതിക വിദ്യകളായ ബയോളജിക്കൽ പ്രോസസ്സിംഗ്, വെർമി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവയാണ് മാലിന്യ സംസ്ക്കരണത്തിനായി കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അവലംബിച്ചു വരുന്നത്. കേരളത്തിലെ മഴ ദിനങ്ങളുടെ ആധിക്യവും ജനവാസമില്ലാത്ത സ്ഥലത്തിന്റെ ലഭ്യതക്കുറവും വില കൂടുതലും ഇത്തരം സാങ്കേതിക മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. കോർപ്പറേഷനുകളിലും വലിയ നഗരസഭ കളിലും മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നതായി കണ്ടതിനാൽ പൈറോളിസിസ്സ്, ബയോമെത്തിയോണേഷൻ മുതലായ നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പ്ലാന്റുകൾ പൈലറ്റ് അടിസ്ഥാനത്തിൽ സ്ഥാപിക്കാൻ ഉദ്ദേശി ക്കുന്നു. നിലവിലുള്ള പ്ലാന്റുകൾ ഉപയോഗിക്കുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാനും നടപടികൾ കൈക്കൊണ്ടുവരികയാണ്. വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യസംസ്ക്കരണം നടത്തുന്നതിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ പ്രോത്സാഹനം നൽകുന്നത്. സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജനം ഫലവത്താക്കാനും മാലിന്യത്തിന്റെ അളവു കുറയ്ക്കുന്നതിനും മാലിന്യങ്ങൾ ഉത്ഭവസ്ഥാനത്തു തന്നെ (വിശേഷിച്ച് ജൈവമാലിന്യങ്ങൾ) സംസ്കരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതിയുടെ ഭാഗമായി വീടുകളിലും സ്ഥാപന ങ്ങളിലും ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ 50%

സബ്സിഡി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനും സംയുക്ത മായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ മാലിന്യം ഉല്പാദിപ്പിക്ക പ്പെടുന്ന, കേന്ദ്രീകൃത സംവിധാനം ആവശ്യമുള്ള സ്ഥലങ്ങളിൽ നവീന സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലാണ്. ജൈവ മാലിന്യങ്ങളിൽ നിന്നും എനർജി ഉല്പാദിപ്പിക്കുന്ന ആധുനിക മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി സർക്കാരിലും ശുചിത്വ മിഷനിലും ചില പ്രൊമോട്ടർമാർ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ആദ്യം ലഭിച്ച 8 പദ്ധതി നിർദ്ദേശങ്ങൾ സർക്കാർ നിയമിച്ച ഒരു വിദഗ്ധ സമിതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഖരമാലിന്യങ്ങളിൽനിന്ന് ബയോഗ്യാസും, വൈദ്യുതിയും ഉല്പാദിപ്പി ക്കാനുള്ള നിർദ്ദേശങ്ങൾക്ക് പ്രോത്സാഹനം നൽകി നടപ്പിലാക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ കൈക്കൊണ്ടുവരികയാണ്. പൈറോളിസിസ്, ബയോമെത്തിയൊണേഷൻ മുതലായ നവീന സാങ്കേതിക വിദ്യകളുപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ പി.പി.പി. മാർഗ്ഗത്തിൽ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണന യിലാണ്. മലിനീകരണം തടയാനായി നിയമനിർമ്മാണം നടത്താനും നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ആദ്യസംരംഭമായി ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ശുചിത്വ മിഷൻവഴി 29 മുനിസിപ്പാലിറ്റികളിലെ പ്ലാന്റുകൾ അപ്ഗ്രേഡ് ചെയ്യാനും പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ നടപ്പിലാക്കാനും ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ 75% കേന്ദ്ര ഗ്രാന്റ് ലഭ്യമാക്കാനും

നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ ഇന്ന് പ്രത്യേക മന്ത്രി സഭായോഗം ചേർന്ന് തീരുമാനിക്കുന്നതാണ്. അറവുശാലകളിൽനിന്നുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി എടുക്കുന്നതാണെന്നും ഫ്ളാറ്റുകൾ, ഹാളുകൾ എന്നിവയ്ക്ക് നിർമ്മാണാനുമതി നൽകുമ്പോൾതന്നെ മാലിന്യ സംസ്ക്കരണ യൂണിറ്റ് ഉണ്ടായിരിക്കണമെന്ന നിബന്ധന കർക്കശമാക്കുന്ന നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഉത്ഭവ സ്ഥാനത്തുതന്നെ മാലിന്യങ്ങൾ വേർതിരിച്ച് സംസ്ക്കരിക്കുന്നതിനും ജലസ്രോതസ്സുകൾ മലിനപ്പെടാതെ സംരക്ഷിക്കുന്ന തിന് ബോധവൽക്കരണം നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി മന്ത്രി വ്യക്തമാക്കി. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വേസ്റ്റ് മാനേജുമെന്റിനുള്ള സംവിധാനമുണ്ടാക്കുന്നതാണെന്നും ചെറിയ മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഓരോ കുടുംബ ത്തിനും ഗ്രാന്റ് നൽകാൻ ഉദ്ദേശിക്കുന്നതായും പ്ലാസ്റ്റിക് നിരോധനത്തിനായി നിയമനിർമ്മാണം നടത്തണമെന്നത് തത്വത്തിൽ അംഗീകരിച്ചതായും പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ കർശനമായ നിയമം കൊണ്ടുവരേണ്ടതുണ്ടെന്നും പ്രതിപക്ഷത്തിന്റെ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടായിരിക്കും ഈ കർമ്മ പരിപാടിക്ക് രൂപം കൊടുക്കുന്നതെന്നും ഈ പരിപാടി നടപ്പാക്കാൻ ഗ്രാമ സഭകൾക്കും പഞ്ചായത്തുകൾക്കും പ്രത്യേക പ്രോത്സാഹനം നൽകണ മെന്നുള്ള നിർദ്ദേശമുണ്ടായിട്ടുണ്ടെന്നും അതിൽ വാർഡുകളെക്കൂടി

ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

4 (*32 & *45) <u>വൈദ്യുത അപകടങ്ങൾ</u>

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, വൈദ്യുത ലൈനുകളിലെ അറ്റകുറ്റപ്പണിക്കിടെ അപകടത്തിൽപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പ്രസരണ വിഭാഗത്തിൽ പരിചയസമ്പന്നരായ ജീവനക്കാരെ വച്ചാണ് അറ്റകുറ്റപ്പണികൾ ചെയ്യിക്കുന്നതെന്നും ഇവരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി സുരക്ഷാ ഉപകരണങ്ങൾ നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ടെന്നും സഭയെ അറിയിച്ചു. വിതരണ ലൈനുകളിലെ അറ്റകുറ്റപ്പണികൾക്കായി എല്ലാ മോഡൽ സെക്ഷനുകളിലും പ്രത്യേക വിഭാഗം രൂപീകരിച്ച് മെയിന്റനൻസ് ഷെഡ്യൂൾ തയ്യാറാക്കുകയും ലൈൻ പട്രോളിംഗ് നടത്തി കാലാകാലങ്ങളിൽ HT/LT ലൈൻ മെയിന്റനൻസ്, ടച്ചിംഗ് ക്ലിയറൻസ്, ട്രാൻസ്ഫോർമർ/സ്ട്രക്ച്ചർ മെയിന്റനൻസ്, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്നിവയും നടത്തുന്നുണ്ട്. മഴക്കാലത്ത് അപകടങ്ങളും സപ്ലൈ തടസ്സങ്ങളും ഒഴിവാക്കാനായി പ്രത്യേക പ്രീ മൺസൂൺ മെയിന്റനൻസ് നടത്തുന്നുണ്ട്. വിതരണ വിഭാഗം സെക്ഷൻ ഓഫീസുകളിൽ നിയമിതരായിട്ടുള്ള ഉദ്യോഗസ്ഥർക്ക് ചെയ്തുതീർക്കാൻ സാധിക്കാത്ത പ്രവൃത്തികൾ കരാറടിസ്ഥാനത്തിലാണ് നടത്തുന്നത്. ചെറുകിട കരാറുകാരുടെ കീഴിൽ രണ്ടായിരത്തോളം പേർ പ്രവർത്തിക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. മൂന്ന് ലക്ഷത്തിൽ കവിയാത്ത അടങ്കൽ തുകയ്ക്കുള്ള വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കിടയിൽ

അപകടം സംഭവിക്കുന്ന കരാർ തൊഴിലാളികൾക്ക് വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നുണ്ട്. മൂന്ന് ലക്ഷത്തിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ജോലിക്കിടെ അപകടം സംഭവിച്ചാൽ നഷ്ട പരിഹാരം നല്കുന്നതിനുള്ള ഉത്തരവാദിത്തം കരാറുകാർക്കാണ്. 2005–2011 കാലയളവിൽ 19 ചെറുകിട കരാർ തൊഴിലാളികൾക്ക് വൈദ്യുതി അപകടത്തിലൂടെ അംഗവൈകല്യം സംഭവിച്ചിട്ടുണ്ട്. പൊട്ടി വീഴുന്ന വൈദ്യുതി കമ്പികളിൽ സ്പർശിക്കുക, വൈദ്യുതി പ്രവഹിച്ചു കൊണ്ടിരിക്കുന്ന ലൈനുകളിലും ഉപകരണങ്ങളിലും യാദൃശ്ചികമായി ബന്ധപ്പെടുക, സുരക്ഷാ മുൻകരുതലെടുക്കാതെ വൈദ്യുത പണികളിൽ ഏർപ്പെടുക, മേൽനോട്ടത്തിന്റെ അപര്യാപ്തത, ഉപകരണങ്ങളുടെ തകരാറുകൾ, അറ്റകുറ്റപ്പണികളുടെ അഭാവം, അനധികൃതമായി വൈദ്യുത ജോലിയിലേർപ്പെടുക, വൈദ്യുതി ദുരുപയോഗം ചെയ്യുക, വൈദ്യുത ലൈനിനുസമീപം കമ്പി കൊണ്ടുള്ള തോട്ടികൾ ഉപയോഗിക്കുക, ലൈനിനുസമീപം മരങ്ങൾ വളർത്തുക, കെട്ടിടങ്ങൾ പണിയുക, കേബിൾ ടി. വി. ശൃംഖലയിൽ വൈദ്യുത സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതിരിക്കുക തുടങ്ങിയവയാണ് അപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ. വൈദ്യുത അപകടങ്ങളെക്കുറിച്ച് പഠിക്കാനും പരിഹാരം നിർദ്ദേശിക്കാനു മായി 2005-ൽ നിയോഗിക്കപ്പെട്ട ശ്രീ. വി.ഐ. ചെറിയാൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊട്ടിവീഴാൻ സാദ്ധ്യത കൂടിയ അലുമിനിയം കമ്പികൾ ഘട്ടംഘട്ടമായി മാറ്റിസ്ഥാപിക്കാൻ തീരുമാനിക്കുകയും 11,500 കി.മീ വിതരണ ലൈൻ ഇതിനകംതന്നെ മാറ്റി

സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ സമയബന്ധിതമായി കൂടുതൽ ശേഷിയുള്ള അലുമിനിയം സ്റ്റീൽ റീഇൻഫോഴ്സ്ഡ് കമ്പി സ്ഥാപിച്ചുവരുന്നുണ്ട്. കേടായതും പഴക്കംചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, കണ്ടക്ടറുകൾ, ഇൻസുലേറ്ററുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷലതാദികൾ മുറിച്ചുമാറ്റി നിയമാനുസൃതമായ ക്ലിയറൻസ് ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ലൈൻ പൊട്ടിവീണാൽ സപ്ലൈ ഓഫാക്കുന്നതിനുള്ള സംവിധാനങ്ങൾ സബ്സ്റ്റേഷനുകളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. പ്രസരണ വിഭാഗത്തിൽ പഴക്കംചെന്ന HT-EHT വൈദ്യുതി ലൈനുകൾ, സബ്സ്റ്റേഷനിലെ പഴക്കമേറിയ ഉപകരണങ്ങൾ എന്നിവ മാറ്റി സ്ഥാപിക്കാനായി മെയിന്റനൻസ് പ്ലാനുകൾ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുകയും നിശ്ചിത സമയത്ത് സബ്സ്റ്റേഷൻ ഉപകരണങ്ങളുടെ പരിശോധന നടത്തി പ്രവർത്തനക്ഷമത വിലയിരുത്തുന്നുമുണ്ട്. തിരുവനന്തപുരം, കൊച്ചി കോഴിക്കോട് എന്നീ നഗരപ്രദേശങ്ങളിൽ 11 കെ.വി. ഒ.എച്ച് ലൈനുകൾ അണ്ടർഗ്രൗണ്ട് കേബിളാക്കി മാറ്റുന്ന പ്രവൃത്തി എ.പി.ഡി.ആർ.പി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നുണ്ട്. ഇൻവെർട്ടറുകളുടെ അമിതോപയോഗം കാരണം ലൈനുകളിലെ അറ്റകുറ്റപ്പണികൾക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി ചെയ്ഞ്ച് ഓവർ സ്വിച്ച് നിർബന്ധമാക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കരാർ തൊഴിലാളികൾക്ക് ട്രെയിനിംഗ് നൽകുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണെന്നും വൈദ്യുതി തകരാറുകൾ പരിഹരിക്കുന്നതിനായി പഞ്ചായത്തുതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റി

കളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 300 മുതൽ 573 വരെയുള്ള ചോദ്യങ്ങളിൽ 173 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)